**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 268** **22-07-2021 - ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ശാന്തകുമാരി കെ. | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖലയിൽ സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ മുഖേന ഭവന നിർമ്മാണ മേഖലയിൽ നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് വായ്പ എടുക്കാൻ പര്യാപ്തമായ മൂലധനം സമാഹരിക്കുന്നതിന് ഗവൺമെന്റ് സഹായം നൽകുന്നു. വ്യക്തിഗത അംഗങ്ങളുടെ ഓഹരി തുകയുടെ 4 ഇരട്ടി പരമാവധി 10 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. 2020-21 സാമ്പത്തിക വർഷം 50 ലക്ഷം രൂപ ധനസഹായമായി സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷം സംഘങ്ങൾക്ക് അനുവദിക്കുന്നതിനായി 50 ലക്ഷം രൂപ എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അവയ്ക്ക് ഓഹരി മൂലധനസഹായം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ മുഖേന ഭവന നിർമ്മാണ മേഖലയിൽ നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് വായ്പ എടുക്കാൻ പര്യാപ്തമായ മൂലധനം സമാഹരിക്കുന്നതിന് ഗവൺമെന്റ് സഹായം നൽകുന്നു. വ്യക്തിഗത അംഗങ്ങളുടെ ഓഹരി തുകയുടെ 4 ഇരട്ടി പരമാവധി 10 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. 2020-21 സാമ്പത്തിക വർഷം 50 ലക്ഷം രൂപ ധനസഹായമായി സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷം സംഘങ്ങൾക്ക് അനുവദിക്കുന്നതിനായി 50 ലക്ഷം രൂപ എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ഈ രംഗത്ത് കേരള സംസ്ഥാന സഹകരണ ഭവനനിർമ്മാണ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ | (സി) | കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ അംഗസംഘങ്ങൾ വഴി ഭവന |

| | | | |
|---|---|---|---|
| | എന്തെല്ലാം; വിശദമാക്കാമോ ? | | നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും ദീർഘകാല വായ്പ നൽകി വരുന്നു. EWS, LIG വിഭാഗങ്ങൾക്ക് മുൻഗണന നൽകിവരുന്നുണ്ട്. ഫെഡറേഷൻ നാളിതുവരെ 2,42,236 ഭവനങ്ങൾ നിർമ്മിക്കുന്നതിന് 2,31,358.57 ലക്ഷം രൂപ വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ